# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.04.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. വഖഫ് ഭേദഗതി നിയമത്തിലെ പ്രധാന വ്യവസ്ഥകൾ, അടുത്ത വാദം കേൾക്കുന്നതുവരെ താൽക്കാലികമായി നിർത്തിവയ്ക്കുമെന്ന് കേന്ദ്രം സുപ്രീം കോടതിയിൽ ഉറപ്പുനൽകി.

   **Centre assures Supreme Court of temporary suspension on key Waqf Provisions, including removal of 'Waqf by User' until next hearing.**

2. മുർഷിദാബാദിലെ അക്രമബാധിത പ്രദേശങ്ങളിൽ ദേശീയ മനുഷ്യാവകാശ കമ്മീഷനും ദേശീയ വനിതാ കമ്മീഷനും സന്ദർശനം നടത്തുന്നു.

   **The National Human Rights Commission and the National Commission for Women are visiting the violence-affected areas of Murshidabad.**

3. യേശു ക്രിസ്തുവിൻറെ ത്യാഗസ്മരണയിൽ ലോകമെമ്പാടുമുള്ള ക്രൈസ്തവർ ഇന്ന് ദു:ഖവെള്ളി ആചരിക്കുന്നു, ദയയും അനുകമ്പയും വിലമതിക്കണമെന്ന് പ്രധാനമന്ത്രിയുടെ സന്ദേശം.

   **Christians across the globe are observing Good Friday today, the day inspires us to cherish kindness, compassion says Prime Minister.**

4. സിനിമ മേഖലയിലെ ലഹരി ഉപയോഗത്തിനെതിരെ, കർശന നടപടിയെടുക്കുമെന്ന് സാംസ്കാരിക മന്ത്രി സജി ചെറിയാൻ.

**Strict action will be taken against drug usage in the film industry says Minister for Culture Saji Cherian.**

5. ഇന്ന് ലോക പൈതൃക ദിനം. യുനെസ്കോയുടെ ലോക മെമ്മറി രജിസ്റ്ററിൽ ഉൾപ്പെട്ട് ഇന്ത്യയുടെ ഗീതയും നാട്യശാസ്ത്രവും.

**Today is World Heritage Day. India's Gita and Natyashastra includes in UNESCO's Memory of the World Register.**

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു പഞ്ചാബ് കിംഗ്സിനെ നേരിടും.

**In IPL cricket, Royal Challengers Bangalore will face Punjab Kings today.**

**&&&&&&&&&&&&&&**

# HEADLINE 1

## EVE - SC - WAQF

2025 ലെ വഖഫ് ഭേദഗതി നിയമത്തിൻറെ ഭരണഘടനാ സാധുതയെ ചോദ്യം ചെയ്യും സ്റ്റേ ആവശ്യം ഉന്നയിച്ചുമുള്ള ഹർജികളിൽ ഏഴു ദിവസത്തിനുള്ളിൽ കേന്ദ്ര സർക്കാർ നിലപാട് അറിയിക്കണമെന്ന് സുപ്രീം കോടതി. വഖഫ് നിയമപ്രകാരം കേന്ദ്ര വഖഫ് കൗൺസിലിലേക്കോ സംസ്ഥാന വഖഫ് ബോർഡുകളിലേക്കോ അടുത്ത വാദം കേൾക്കുന്നതു വരെ പുതിയ നിയമനങ്ങൾ നടത്തില്ലെന്ന് കേന്ദ്രത്തിനു വേണ്ടി സോളിസിറ്റർ ജനറൽ തുഷാർ മേത്ത ഉറപ്പു നൽകി. രജിസ്റ്റർ ചെയ്തതോ, വിജ്ഞാപനം വഴി വഖഫ് ആയി പ്രഖ്യാപിച്ചതോ ഉൾപ്പെടെയുള്ള ഒരു വഖഫ് സ്വത്തും ഈ കാലയളവിൽ ഡീ-നോട്ടിഫൈ ചെയ്യില്ലെന്നും കേന്ദ്രം സുപ്രീം കോടതിയെ അറിയിച്ചു. മെയ് 5-നാണ് ഇനി കേസ് പരിഗണിക്കുക.

**&&&&&&&&&&&&&**

## KOLKATA HC - 3 MEMBER PANEL

പശ്ചിമബംഗാളിലെ മുർഷിദാബാദ് ജില്ലയിൽ വഖഫ് നിയമത്തിനെതിരെ നടന്ന പ്രതിഷേധത്തിനിടെ ഉണ്ടായ അക്രമത്തിൽ കുടിയിറക്കപ്പെട്ട ആളുകളെ തിരിച്ചറിയുന്നതിനും പുനരധിവസിപ്പിക്കുന്നതിനുമായി മൂന്നംഗ സമിതി രൂപീകരിക്കാൻ നിർദ്ദേശിച്ച് കൽക്കട്ട ഹൈക്കോടതി. ദേശീയ മനുഷ്യാവകാശ കമ്മീഷനിൽ നിന്നും പശ്ചിമ ബംഗാൾ മനുഷ്യാവകാശ കമ്മീഷനിൽ നിന്നുമുള്ള ഓരോ ഉദ്യോഗസ്ഥരും സംസ്ഥാന ലീഗൽ സർവീസസ് അതോറിറ്റിയുടെ മെമ്പർ സെക്രട്ടറിയും ഉൾപ്പെടുന്നതാണ് മൂന്നംഗ സമിതിയെന്ന് കോടതി വ്യക്തമാക്കി. മെയ് 15-നകം സമിതി റിപ്പോർട്ട് സമർപ്പിക്കണമെന്നും കോടതി ഉത്തരവിട്ടു.

**&&&&&&&&&&&&&**

## HEADLINE 2

## NCW - NHRC - KOLKATA

വഖഫ് ഭേദഗതി നിയമത്തിനെതിരായ പ്രതിഷേധങ്ങളെത്തുടർന്ന് മുർഷിദാബാദിലുണ്ടായ അക്രമത്തെക്കുറിച്ച് അന്വേഷിക്കാൻ ദേശീയ വനിതാ കമ്മീഷൻ അധ്യക്ഷ വിജയ രഹത്കർ കൊൽക്കത്തയിലെത്തി. വനിത കമ്മീഷൻ രൂപീകരിച്ച അന്വേഷണ സമിതിയുടെ ഭാഗമായ ശ്രീമതി രഹത്കർ മാൾഡ, മുർഷിദാബാദ് ഉൾപ്പെടെയുള്ള സംഘർഷ ബാധിത പ്രദേശങ്ങൾ സന്ദർശിക്കും. വർഗീയ കലാപത്തിനിരയായ സ്ത്രീകളുടെ മനോവീര്യം വർദ്ധിപ്പിക്കുക എന്നതാണ് തന്റെ സന്ദർശനത്തിന്റെ ലക്ഷ്യമെന്ന് വനിതാ കമ്മീഷൻ അധ്യക്ഷ മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം, ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംഘം ഇന്ന് മാൾഡയിലെ അഭയാർത്ഥി ക്യാമ്പ് സന്ദർശിക്കും.

**&&&&&&&&&&&&&**

## MEA BANGLADESH

പശ്ചിമ ബംഗാളിലെ സംഭവവികാസങ്ങളെക്കുറിച്ച് ബംഗ്ലാദേശ് ഉദ്യോഗസ്ഥർ നടത്തിയ പരാമർശങ്ങൾ ഇന്ത്യ തള്ളിക്കളഞ്ഞു. ബംഗ്ലാദേശിൽ ന്യൂനപക്ഷങ്ങൾക്കെതിരായി നടന്നുകൊണ്ടിരിക്കുന്ന നിരന്തര പീഡനങ്ങളെക്കുറിച്ചുള്ള ഇന്ത്യയുടെ ആശങ്കകൾ മറച്ചുവയ്ക്കാനുള്ള ശ്രമമാണിതെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. ബംഗ്ലാദേശ്, സ്വന്തം ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ് നല്ലതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

&&&&&&&&&&&&&

## HEADLINE 3

## GOOD FRIDAY

ലോകമെമ്പാടുമുള്ള ക്രൈസ്തവർ ഇന്ന് ദുഃഖവെള്ളി ആചരിക്കുന്നു. കാൽവരിയിൽ യേശുക്രിസ്തുവിന്റെ കുരിശുമരണം അനുസ്മരിക്കുന്ന ദുഃഖവെള്ളി ദുഃഖത്തിന്റെയും ധ്യാനത്തിന്റെയും ആത്മീയ ഭക്തിയുടെയും ദിവസമാണ്. ദുഃഖവെള്ളിയുടെ ഭാഗമായി വിശ്വാസികൾ കുരിശിന്റെ വഴി ഘോഷയാത്രകളിൽ പങ്കെടുക്കുകയും പള്ളികളിൽ പ്രത്യേക പ്രാർത്ഥനകൾ നടത്തുകയും ചെയ്യും. പള്ളികൾ പ്രത്യേക കുർബാനകൾക്കും, കാൽ കഴുകൽ ചടങ്ങുകൾക്കും, പ്രാർത്ഥനാ ശുശ്രൂഷകൾക്കും സാക്ഷ്യം വഹിച്ചു. ദുഃഖവെള്ളി ദിനാചരണത്തിൽ യേശുക്രിസ്തുവിനെ അനുസ്മരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ദയയും അനുകമ്പയും വിലമതിക്കണമെന്നും എപ്പോഴും വിശാലഹൃദയരായിരിക്കാൻ ഈ ദിവസം നമ്മെ പ്രചോദിപ്പിക്കുന്നുവെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&

## PM BOOK LAUNCH

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സാംസ്കാരിക ചിന്തകളെയും പ്രസംഗങ്ങളെയും പറ്റി പ്രതിപാദിക്കുന്ന സമാഹാരമായ "സംസ്കൃതി ക പാഞ്ച്വ അദ്ധ്യായ്" എന്ന പുസ്തകം ഇന്ന് ന്യൂഡൽഹിയിൽ പ്രകാശനം ചെയ്യും. ഇന്ത്യൻ സംസ്കാരം, പാരമ്പര്യങ്ങൾ, ആത്മീയ മൂല്യങ്ങൾ, സാംസ്കാരിക പൈതൃകം എന്നിവ പ്രതിഫലിപ്പിച്ചുകൊണ്ട്, പ്രധാനമന്ത്രി വിവിധ അവസരങ്ങളിൽ നടത്തിയ പ്രസംഗങ്ങളുടെ സമാഹാരമാണ് ഈ പുസ്തകം. ജുന അഖാഡ മേധാവി ആചാര്യ മഹാമണ്ഡലേശ്വർ പൂജ്യ സ്വാമി അവധേശാനന്ദ് ഗിരി മഹാരാജ് പുസ്തകം പ്രകാശനം ചെയ്യും. പ്രഭാത് പ്രകാശൻ ആണ് പുസ്തകത്തിന്റെ പ്രസാധകർ.

**&&&&&&&&&&&&&&**

## VIZHINJAM - PM

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം അടുത്ത മാസം 2 ന് പ്രധാനമന്ത്രി നരേന്ദ്രമോദി രാജ്യത്തിന് സമർപ്പിക്കും. ദക്ഷിണേഷ്യയിലെ ആദ്യ സെമി ഓട്ടോമേറ്റഡ് തുറമുഖമായ വിഴിഞ്ഞം ഇന്ത്യയുടെ വാണിജ്യ കവാടമായി അതിവേഗം വളർന്നു കൊണ്ടിരിക്കുകയാണ്. 2024 ജൂലൈ 13 മുതലാണ് വിഴിഞ്ഞത്ത് പരീക്ഷണാടിസ്ഥാനത്തിൽ കപ്പലുകൾ വന്നു തുടങ്ങിയത്. ഇതുവരെ 263 കപ്പലുകൾ എത്തിച്ചേർന്നു. പ്രതിമാസം ഒരു ലക്ഷം ടി.ഇ.യു. കൈകാര്യം ചെയ്യുക എന്ന നേട്ടവും വിഴിഞ്ഞം സ്വന്തമാക്കി.

**&&&&&&&&&&&&&&**

## GOVERNOR KERALA

മാനുഷികമായ ഇടപെടൽ വൈദ്യശാസ്ത്ര രംഗത്തെ ഫലവത്താക്കുമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ. കൊച്ചിയിൽ മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയുടെ സൗത്ത് ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

തൊഴിൽ മേഖലകളിലെ മികവിലല്ല നല്ല മനുഷ്യനാകുന്നതാണ് പ്രധാനമെന്നും അദ്ദേഹം പറഞ്ഞു. മാനുഷിക മൂല്യങ്ങളിൽ പ്രതിബദ്ധതയുള്ളവർക്ക് തങ്ങളുടെ മേഖലകളിൽ മികവ് പുലർത്താനാകുമെന്നും ഗവർണർ കൂട്ടിച്ചേർത്തു.

&&&&&&&&&&&&&

## HEADLINE 4

## MINISTER SAJI CHERIAN-DRUG

സിനിമ മേഖലയിലെ ലഹരി ഉപയോഗത്തിൽ മുഖം നോക്കാതെ നടപടിയെടുക്കുമെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ. ഷൂട്ടിംഗിനിടയിൽ ലഹരി ഉപയോഗിച്ച നടൻ മോശമായി പെരുമാറിയെന്ന നടിയുടെ പരാതി ഗൗരവമുള്ളതാണെന്നും സർക്കാർ അന്വേഷിക്കുമെന്നും മന്ത്രി പറഞ്ഞു. രാജ്യത്തിന് തന്നെ മാതൃകയായ സിനിമാ മേഖലയെ മങ്ങലേൽപ്പിക്കുന്ന യാതൊരു നിയമവിരുദ്ധ പെരുമാറ്റവും അനുവദിക്കില്ലെന്നും മന്ത്രിയുടെ ഓഫീസ് വാർത്താക്കുറിപ്പിൽ വ്യക്തമാക്കി. അതേസമയം ലഹരി പരിശോധനയിൽ നിന്ന് ആരെയും ഒഴിവാക്കില്ലെന്നും ഇതു സംബന്ധിച്ച വിവരം ലഭിച്ചാൽ എവിടെയും പരിശോധന നടത്തുമെന്നും മന്ത്രി എം.ബി രാജേഷ് അറിയിച്ചു.

&&&&&&&&&&&&&

## M B RAJESH- INTRO

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ, ഊർജ വകുപ്പുകൾ നടപ്പാക്കുന്ന 'ഗ്രാമീണ വനിതകൾക്ക് ഇലക്ട്രിക് സൈക്കിളിലൂടെ സുസ്ഥിര ഗതാഗതം' പദ്ധതിയുടെ സംസ്ഥാന തല ഉദ്ഘാടനം പാലക്കാട് ആലത്തൂരിൽ മന്ത്രി എം.ബി.രാജേഷ് നിർവഹിച്ചു.

വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത്....

(വോയിസ്)

**&&&&&&&&&&&&&**

## HEADLINE 5

## WORLD HERITAGE DAY

ഇന്ന് ലോക പൈതൃക ദിനം. അന്താരാഷ്ട്ര സ്മാരകങ്ങളുടെയും പൈതൃക സ്ഥലങ്ങളുടെയും ദിനം എന്നും ഇത് അറിയപ്പെടുന്നു.

ഒരു റിപ്പോർട്ട്................

## WORLD HERITAGE DAY-VOICE

സാംസ്കാരികവും പ്രകൃതിദത്തവുമായ പൈതൃകത്തെ സംരക്ഷിക്കുന്നതിനും അറിയുന്നതിനുമാണ് എല്ലാ വർഷവും ഏപ്രിൽ 18 ന് പൈതൃക ദിനം ആചരിക്കുന്നത്. ദുരന്തങ്ങളിൽ നിന്നും സംഘർഷങ്ങളിൽ നിന്നും ഭീഷണി നേരിടുന്ന പൈതൃകം എന്നതാണ് ഈ വർഷത്തെ പ്രമേയം. പ്രകൃതിദത്തമോ മനുഷ്യനിർമ്മിതമോ ആയ ദുരന്തങ്ങളിൽ നിന്നും ഭീഷണികളിൽ നിന്നും സംഘർഷങ്ങളിൽ നിന്നും പൈതൃക സ്ഥലങ്ങളെ സംരക്ഷിക്കുന്നതിനെക്കുറിച്ചുള്ള അവബോധം വളർത്തുക എന്നതാണ് പ്രമേയത്തിന്റെ ലക്ഷ്യം. ഇന്ന് രാജ്യത്തുടനീളമുള്ള എല്ലാ സംരക്ഷിത സ്മാരകങ്ങളിലും പ്രവേശനം സൗജന്യമായിരിക്കുമെന്ന് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ അറിയിച്ചു. എഎസ്ഐയുടെ സംരക്ഷണത്തിൽ 3,698 സ്മാരകങ്ങളും സ്ഥലങ്ങളുമുണ്ട്. രാജ്യത്തിന്റെ ചരിത്രപരമായ പൈതൃകവും വാസ്തുവിദ്യാ അത്ഭുതങ്ങളും കാണാൻ എഎസ്ഐ, ഈ അവസരം വാഗ്ദാനം ചെയ്യുന്നു. ഭരണഘടനയിലെ മൗലിക കടമകൾ അനുസരിച്ച്, ഈ

അമൂല്യമായ പൈതൃക സ്ഥലങ്ങളെ സംരക്ഷിക്കുകയും അവയെ സംരക്ഷിക്കാൻ പരമാവധി പ്രവർത്തിക്കുകയും ചെയ്യേണ്ടത് നമ്മുടെ കൂട്ടായ ഉത്തരവാദിത്വമാണ്.

ന്യൂസ് ഡെസ്ക് ആകാശവാണി.

&&&&&&&&&&&&&&

## HEADLINE 5 A

## PM GITA UNESCO

യുനെസ്കോയുടെ ലോക മെമ്മറി രജിസ്റ്ററിൽ ഗീതയും നാട്യശാസ്ത്രവും ഉൾപ്പെടുത്തിയതിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. ഇന്ത്യയുടെ കാലാതീതമായ ജ്ഞാനത്തിനും സമ്പന്നമായ സംസ്കാരത്തിനുമുള്ള ആഗോള അംഗീകാരമാണിതെന്ന് സാമൂഹ്യ മാധ്യമ പോസ്റ്റിൽ അദ്ദേഹം പറഞ്ഞു. ഗീതയും നാട്യശാസ്ത്രവും നൂറ്റാണ്ടുകളായി നമ്മുടെ നാഗരികതയെയും ആത്മബോധത്തെയും പരിപോഷിപ്പിച്ചുകൊണ്ടിരിക്കുകയാണെന്നും അവയുടെ ഉൾക്കാഴ്ചകൾ ലോകത്തെ എക്കാലവും പ്രചോദിപ്പിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&

## HEADLINE 6

## IPL T 20 CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു പഞ്ചാബ് കിംഗ്സിനെ നേരിടും. ബെംഗളൂരുവിലെ എം ചിന്നസ്വാമി സ്റ്റേഡിയത്തിൽ വൈകുന്നേരം 7:30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ് സൺറൈസേഴ്സ് ഹൈദരാബാദിനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&

## RAIN KERALA

കേരളത്തിൽ തിങ്കളാഴ്ച വരെ ഒറ്റപ്പെട്ടയിടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വരെ ശക്തമായ കാറ്റിനും സാധ്യതയുണ്ടെന്ന് മുന്നറിയിപ്പ്.

&&&&&&&&&&&&&&

## RANDHIR JAISWAL

കൈലാസ് മാനസരോവർ യാത്ര ഉടൻ പുനരാരംഭിച്ചേക്കുമെന്ന് വിദേശകാര്യമന്ത്രാലയം. ഇതു സംബന്ധിച്ച് ഉടൻ നോട്ടീസ് പുറപ്പെടുവിക്കുമെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ മാധ്യമ പ്രവർത്തകരോട് പറഞ്ഞു. ഇന്ത്യ- ചൈന വിമാനയാത്ര സേവനം പുനരാരംഭിക്കാൻ തീരുമാനമായതായും അദ്ദേഹം വ്യക്തമാക്കി. തഹാവൂർ റാണയെ ഇന്ത്യയിലെത്തിച്ച പശ്ചാത്തലത്തിൽ മുംബൈ ഭീകരാക്രമണത്തിന് പിന്നിൽ പ്രവർത്തിച്ചവർക്കെതിരെ പാകിസ്ഥാൻ നടപടി എടുക്കണമെന്നും ഇന്ത്യ ആവശ്യപ്പെട്ടു. സാമ്പത്തികത്തട്ടിപ്പ് കേസിൽ പ്രതി മെഹുൽ ചോക് സി യെ ഇന്ത്യയിലെത്തിക്കാൻ ബെൽജിയവുമായി ചർച്ച നടക്കുന്നതായും രൺധീർ ജയ്സ്വാൾ അറിയിച്ചു.

&&&&&&&&&&&&&&
&&&&&&&&
&&&